8 -ാം വർഷം
2024
ഫെബ്രുവരി 2

ദനഹാ അഞ്ചാം ഞായർ



Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



# അവനെ നോക്കിയവർ പ്രകാശിതരായി

നിയ 18:13-18 (18:9-22), ഏശ 48:12-20, ഹെബ്രാ 6:9-15 (6:9 7:3)
യോഹ 3:14-21 (3:121)

വെളിച്ചത്തിന് എന്തൊരു വെളിച്ചം!

'വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നൂ,

വെളിവീയടിയാർ,
അഖിലാധാരമതാം വെളിവും നീ,

കാന്ത്യാ ഞങ്ങളെ നീ, താതൻ കതിരേ, ശോഭിപ്പിക്കെന്നും'
(പ്രാരംഭ ശുശ്രൂഷ, മലങ്കര ക്രമം)

സുറിയാനിയിൽ നിന്നും കണ്ടത്തിൽ വർഗീസ് മാപ്പിള മൊഴിമാറ്റിയ ആശയത്തെ ഗാനരൂപത്തിൽ ആക്കിയ കൊട്ടാരത്തിൽ ശങ്കുണ്ണി, പ്രകാശമെന്നും, തിരിച്ചറിവ് എന്നും നാനാർത്ഥം വരുന്ന പദം കൊണ്ട് സുന്ദരമായൊരു ശ്ളേഷോക്തി ഇവിടെ നിർവഹിച്ചിട്ടുണ്ട്. സുന്ദരമെന്നതുപോലെ ആശയഗംഭീരവുമാണ് ആ പ്രയോഗം.

മറഞ്ഞിക്കുന്നവ വെളിപ്പെടുത്തുന്നത് എന്തോ, അതാണ് വെളിച്ചം. കുന്നും കുഴിയും, കാടും മരുഭൂമിയും, കുഞ്ഞാടുകളും ചെന്നായ്ക്കളും എല്ലാം ഇരുളിന്റെ മറവിൽ ഒന്നു പോലെയാണ് - സൂര്യനോ, ദീപനാളമോ ഇരുളിന്റെ മറനീക്കി ഓരോന്നിന്റെയും ഉൺമ പൊരുൾ തിരിച്ചു കാട്ടുവോളം വരെ. പ്രകാശത്തിൽ നമുക്ക് അപകടങ്ങളിൽ നിന്നും ഒഴിഞ്ഞു മാറി, നല്ല വഴികളിലൂടെ നടക്കാൻ സാധിക്കുന്നു. ലോകത്തിനു മേൽ വെളിച്ചം തൂകുന്ന പ്രകൃതി ശക്തികളെ, എല്ലാ സംസ്കാരങ്ങളിലും ഈശ്വരന്റെ പ്രതീകങ്ങളും അവതാരങ്ങളുമായി കരുതി വരുന്നത്, ഈ ജീവദായകമായ തിരിച്ചറിവ് അവ നൽകുന്നത് കൊണ്ടാണ്. വിശുദ്ധ ഗ്രന്ഥത്തിൽ രേഖപ്പെടുത്തപ്പെട്ട ദൈവത്തിന്റെ ആദ്യ അരുളപ്പാട് 'വെളിച്ചം ഉണ്ടാകട്ടെ' എന്നാണ്. വെളിച്ചം നല്ലതാണ് എന്ന് അവിടുന്നു കണ്ടു; അവിടുന്ന് വെളിച്ചത്തെ ഇരുളിൽ നിന്നും വേർതിരിച്ചു.

ചരിത്രത്തിലേക്ക് ഇറങ്ങിവന്ന മിശിഹാ ഹൃദയങ്ങളെ മൂടുന്ന അന്ധകാരത്തിന്റെ തിരശീലകൾ കീറിപ്പിളർന്ന് മനുഷ്യരുടെ വെളിച്ചമായി



ആൽഫസ് പത്രോസ്

തീർന്നു. തിരശീലക്കപ്പുറത്തുള്ള കാർക്കശ്യവാനായ ന്യായാധിപനെപ്പറ്റി ഭയന്നിരുന്നവർ അവന്റെ പ്രകാശത്തിൽ കരുണയുള്ള പിതാവിനെ ദർശിച്ചു. വംശീയതകളുടെ ഇരുളിടങ്ങളിൽ അയൽക്കാരെ തേടിയവർക്ക് ഭൂമിയുടെ അതിർത്തി വരെ നീണ്ടുകിടക്കുന്ന അയൽപക്കം അവൻ കാട്ടിക്കൊടുത്തു. തങ്ങളുടേത് എന്ന് കരുതുന്നവ മറ്റാർക്കും വിട്ടുകൊടുക്കാതെ കൂട്ടിവക്കുന്ന മനുഷ്യർക്ക് മുൻപിൽ, തന്നെത്തന്നെ ഭക്ഷണവും പാനീയവുമായി വിളമ്പി പങ്കുവയ്ക്കലിന്റെയും സ്നേഹത്തിന്റെയും പുതിയ നിയമത്തിലേക്ക് അവൻ നമ്മെ ക്ഷണിച്ചു. അവന്റെ ദനഹായിലൂടെ ഏശയ്യാ പ്രവചനത്തിലെ തിരുവെഴുത്ത് നിറവേറി: അന്ധകാരത്തിൽ സ്ഥിതി ചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു. മരണത്തിന്റെ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു. (മത്തായി 4:16)

## ഞാൻ നഗ്നനായതുകൊണ്ടു ഭയന്ന് ഒളിച്ചതാണ്

ഉണ്ണീശോയെ കൈകളിൽ ഏന്തി, ജ്ഞാനവൃദ്ധനായ ശിമയോൻ മറിയത്തോട് പറഞ്ഞു: ഇവൻ ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും. ഇവൻ വിവാദവിഷയമായ അടയാളവുമായിരിക്കും.

അങ്ങനെ, അനേകരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടും. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറുകയും ചെയ്യും.

സത്യത്തിന്റെയും നീതിയുടെയും പ്രകാശമായ മിശിഹായുടെ സന്നിധിയിൽ വെളിപ്പെടാത്ത ഹൃദയ രഹസ്യങ്ങൾ ഇല്ല. അനുതാപത്തോടെയും വിനീത ചിത്തത്തോടെയും പരിതാപകരമായ സ്വന്തം അവസ്ഥ അംഗീകരിച്ച് അവന്റെ കരുണക്ക് പൂർണമായി നമ്മെത്തന്നെ വിട്ടുകൊടുക്കുമ്പോൾ അവൻ സൗഖ്യം പ്രദാനം ചെയ്യുന്നു. പഴന്തുണികൾ അണിഞ്ഞു വരുന്ന ധൂർത്തപുത്രനെ ലജ്ജിതനാക്കാതെ, സ്നാന ജലവും, പുതുവസ്ത്രവും, മോതിരവും, സുഗന്ധലേപനവും, നൽകി സ്വീകരിക്കുന്ന പിതാവിന്റെ സ്നേഹം നമുക്ക് അവിടെ അനുഭവവേദ്യമാകുന്നു.

എന്നാൽ ഉള്ളിൽ അഹംബോധത്തിന്റെയും ദുരഭിമാനത്തിന്റെയും മനോഭാവത്തിന് മുൻതൂക്കം നൽകിയാൽ, തെറ്റുകളും ശരികളും ഇരുൾമറക്കുള്ളിലാകുന്ന രാത്രി സുഖപ്രദമായി തോന്നുന്ന അവസ്ഥയിലേക്ക് നാം എത്തിച്ചേരും. എന്റെ ശരികൾ എന്റേത് മാത്രമാണ് എന്ന, സ്വയം അളവുകോൽ ആകുന്ന മനോഭാവമാണ് (Self Referential attitude) ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ചതിക്കുഴി എന്നത് ഫ്രാൻസിസ് പാപ്പാ തന്റെ പ്രബോധനങ്ങളിൽ സ്ഥിരമായി ആവർത്തിക്കുന്ന ഒരു പ്രമേയമാണ്. സത്യം തിരിച്ചറിഞ്ഞിട്ടും അംഗീകരിക്കാതെ പരിശുദ്ധാത്മാവിനെതിരെ പാപം ചെയ്യുന്നവരുടെ നിത്യവിധി ഇന്നത്തെ സുവിശേഷത്തിൽ കർത്താവ് പ്രഖ്യാപിക്കുന്നു:

ഇതാണു ശിക്ഷാവിധി: പ്രകാശം ലോകത്തിലേക്കു വന്നിട്ടും മനുഷ്യർ പ്രകാശത്തെക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു. കാരണം, അവരുടെ പ്രവൃത്തികൾ തിൻമ നിറഞ്ഞതായിരുന്നു.

തിൻമ പ്രവർത്തിക്കുന്നവൻ പ്രകാശത്തെ വെറുക്കുന്നു. അവന്റെ പ്രവൃത്തികൾ വെളിപ്പെടാതിരിക്കുന്നതിന് അവൻ വെളിച്ചത്തു വരുന്നുമില്ല.

സത്യം പ്രവർത്തിക്കുന്നവൻ വെളിച്ചത്തിലേക്കു വരുന്നു. അങ്ങനെ, അവന്റെ പ്രവൃത്തികൾ ദൈവൈക്യത്തിൽ ചെയ്യുന്നവയെന്നു വെളിപ്പെടുന്നു. (യോഹന്നാൻ 3 : 19-21)

കാരുണ്യവാനായ ദൈവം എന്തിന് നിത്യനരകം സൃഷ്ടിച്ചു എന്ന് ചോദിക്കുന്നവർക്കുള്ള കൃത്യമായ ഉത്തരമാണിത്. മറകൾ നീക്കുന്നിടത്തെല്ലാം പ്രകാശം കടന്നെത്തുന്നു. തിൻമയെ നൻമയായി അളക്കുന്നവർ വെളിച്ചത്തിൽ നിന്നും മറഞ്ഞിരിക്കാനായി സ്വയം തീർക്കുന്ന ഒളിയിടങ്ങളാണ് നിത്യശിക്ഷ. നാം തന്നെയാണ് അതിന്റെ സൃഷ്ടികർത്താക്കൾ.

അന്ധകാരത്തിലാണ് എന്ന് സ്വയം തിരിച്ചറിഞ്ഞ് 'കർത്താവേ, എനിക്ക് കാണണം' എന്ന് അപേക്ഷിക്കുന്നവർക്ക് നിമിഷമാത്രയിൽ സൗഖ്യം ലഭ്യമാണ്. കണ്ണടച്ച് ഇരുട്ടാക്കിയിട്ട്, ഞങ്ങൾ അന്ധരല്ല എന്ന് മേനി നടിക്കുന്നവരോട് മിശിഹാ ഓർമപ്പെടുത്തുന്നു: അന്ധരായിരുന്നെങ്കിൽ നിങ്ങൾക്കു പാപം ഉണ്ടാകുമായിരുന്നില്ല. എന്നാൽ, ഞങ്ങൾ കാണുന്നു എന്നു നിങ്ങൾ പറയുന്നു. അതുകൊണ്ടു നിങ്ങളിൽ പാപം നിലനിൽക്കുന്നു. (യോഹന്നാൻ 9 : 41)

സ്വകാര്യതക്കായുള്ള മൗലികാവകാശത്തിന്റെ ദുരുപയോഗം പാപാന്ധകാരത്തിന്റെ മറയിടങ്ങൾ തീർക്കുന്ന ഒരു കാലത്തിലൂടെയാണ് നാം കടന്നുപോകുക. അമേരിക്കയിൽ ഭ്രൂണഹത്യ നിയമവിധേയമായി പ്രഖ്യാപിച്ച ഞീല്ം. ണമറല എന്ന സുപ്രീം കോടതിവിധിയുടെ യുക്തി, ഗർഭം തുടർന്ന് വഹിക്കണോ വേണ്ടയോ എന്ന തീരുമാനം സ്ത്രീയുടെ സ്വകാര്യതയാണ് എന്നതായിരുന്നു. പാസ്‌വേർഡുകളും, ലോക്കുകളും, ബ്ലോക്കുകളും തീർത്ത്, ഉറ്റവരിൽ നിന്നും ഒളിച്ചും മറച്ചും എത്തിപ്പെടുന്ന ഓൺലൈൻ കൂട്ടുകെട്ടുകളിലൂടെ ഈയാംപാറ്റകളായി എരിഞ്ഞടങ്ങിയ പലരുടെയും ദൃഷ്ടാന്തങ്ങളും നമ്മുടെ കൺമുൻപിൽ തന്നെ ഉണ്ടാകുമല്ലോ.

## വെളിച്ചത്തിലേക്ക് വന്നവനും രാത്രിയിലേക്ക് ഇറങ്ങി പോയവനും

യോഹന്നാന്റെ സുവിശേഷത്തിന്റെ പല സവിശേഷതകളിൽ പ്രധാനപ്പെട്ട ഒന്നാണ് വ്യക്തികളുടെ വാങ്മയ ചിത്രങ്ങൾ. കേവലം നാല് സന്ദർഭങ്ങളിലൂടെ തോമാശ്ലീഹായെക്കുറിച്ചുള്ള ഒരു തൂലികാചിത്രം അവിടെ നമുക്ക് കാണാൻ കഴിയും. അന്ത്രയോസ്, പീലിപ്പോസ്, നഥാനിയേൽ, മഗ്ദലന മറിയം എന്നിങ്ങനെ ഒട്ടേറെപ്പേരെ നാം അറിയുന്നത് യോഹന്നാനിലൂടെയാണ്.

ഇന്ന് കർത്താവിനോട് സംസാരിക്കാനായി രാത്രിയുടെ മറവിൽ എത്തുന്ന നിക്കോദേമൂസ് പടിപടിയായി പ്രകാശത്തിലേക്കു എത്തിച്ചേരുന്ന പ്രയാണം സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇസ്രായേലിന്റെ ഗുരു എന്ന് കർത്താവിന്റെ അംഗീകാരം അദ്ദേഹത്തിന് ആദ്യ കൂടിക്കാഴ്ചയിൽ തന്നെ ലഭിക്കുന്നു. കാച്ചിക്കുറുക്കിയ ഏതാനും വാക്യങ്ങളിലൂടെ മിശിഹാ പുതിയ നിയമത്തിന്റെ സാരസംഗ്രഹം അയാൾക്കു പകർന്നു നൽകി. കർത്താവിനെ ഹൃദയത്തിൽ ഗുരുവായി വരിച്ച നിക്കോദേമൂസ്, പക്ഷേ അത് പരസ്യമായി ഏറ്റുപറയാൻ മടിച്ചു നിന്നു; കർത്താവ് അയാളെ ക്ഷമയോടെ കാത്തിരുന്നു.

ഫരിസേയരുടെയും പുരോഹിതരുടെയും ആലോചനാ സമിതിയിലാണ് അടുത്തതായി നിക്കോദേമൂസിനെ നാം കണ്ടുമുട്ടുക. അവിടെ ഈശോക്ക് എതിരേ വന്ന ആരോപണങ്ങളെ ഖണ്ഡിക്കാതെയും തന്റെ രഹസ്യശിഷ്യത്വം വെളിപ്പെടുത്താതെയും, യഹൂദ നിയമനടപടിക്രമങ്ങളിലൂന്നിയുള്ള ഇടപെടലാണ് അദ്ദേഹം നടത്തുന്നത്.


ഈശോയുമായുള്ള ആദ്യ കൂടിക്കാഴ്ചക്ക് മൂന്നാണ്ടിനപ്പുറം, ഗാഗുൽത്തായിലെ സായാഹ്ന പ്രകാശത്തിലാണ് നിക്കോദേമൂസ് തന്റെ വിശ്വാസം ലോകത്തിന് മുൻപിൽ അനാവരണം ചെയ്തത്. അത് വാക്കുകൾ കൊണ്ടുള്ള ഒരു പ്രഖ്യാപനമായിരുന്നില്ല. നിന്ദ്യവും ദാരുണവുമായ കുരിശുമരണത്തിന് വിധേയമായവന് രാജകീയമായ സംസ്കാര ശുശ്രൂഷ നൽകി, അവൻ തനിക്കാരാണ് എന്ന് നിക്കോദേമൂസ് നിർഭയം വെളിപ്പെടുത്തി.

ആ മൂന്നുവർഷം പരസ്യമായി ഇശോയോടൊപ്പം നടന്ന ഒരുവൻ ഇരുളിലേക്ക് ഇറങ്ങിപ്പോയത് അതിനു തലേ രാത്രിയിലായിരുന്നു. തിരുസഭയുടെ ആദ്യ പ്രൊക്യുറേറ്റർക്ക് അഴിമതിയുടെയും സ്വാർത്ഥതയുടെയും പ്രലോഭനങ്ങളിൽ പിടിച്ചുനിൽക്കാനാകുന്നില്ല. ബഥാനിയായിലെ തൈലാഭിഷേക വേളയിൽ അയാളുടെ ഹൃദയ കാപട്യം ദുരാരോപണങ്ങൾ ആയി ബഹിർഗമിക്കുന്നു. പെസഹാ മേശയിലിരുന്ന് കർത്താവിന്റെ സ്നേഹശുശ്രൂഷയുടെ പാരമ്യം ഏറ്റുവാങ്ങിയിട്ടും യൂദാസ് വെള്ളിനാണയങ്ങളുടെ കിലുക്കം കേട്ട് പുറത്തേക്ക് നടക്കുന്നു. സുവിശേഷം ആ സമയം കൃത്യമായി അടയാളപ്പെടുത്തിയിട്ടുണ്ട് :

ആ അപ്പക്കഷണം സ്വീകരിച്ച ഉടനെ അവൻ പുറത്തു പോയി. അപ്പോൾ രാത്രിയായിരുന്നു. (യോഹന്നാൻ 13 : 30)

## വെളിച്ചത്തിന്റെ മക്കൾ

‘ഏൽ ഏൽ പയ്യാ, ഏൽ പയ്യാ,
ഏൽ ഏൽ പയ്യാ, ഏൽ പയ്യാ
സത്യ വെളിച്ചം മിശിഹായേ,
നിന്നുടെ ദനഹാ സ്തുത്യർഹം‘
(ദനഹാ പ്രദക്ഷിണ ഗീതം)



വാഴപ്പിണ്ടികളിൽ നാട്ടിയ തീപ്പന്തങ്ങൾ സാക്ഷിയായി ‘ദൈവം വെളിച്ചമാകുന്നു‘ എന്നു പ്രഘോഷിച്ചുകൊണ്ടാണ് സീറോ മലബാർ സഭ പരമ്പരാഗതമായി ദനഹാക്കാലത്തിലേക്ക് പ്രവേശിച്ചിരുന്നത്. പ്രകാശത്തിൽ നിന്നുള്ള പ്രകാശം എന്ന് വിശ്വാസ പ്രമാണം മിശിഹായെ ഏറ്റുപറയുന്നു. ആ പ്രകാശം ഏറ്റുവാങ്ങി ലോകത്തിന് തിരിച്ചറിവ് നൽകാൻ വിളിക്കപ്പെട്ടവനാണ് ക്രൈസ്തവൻ.

‘ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും.‘ എന്ന് പ്രഖ്യാപിച്ചവൻ, തന്നെ അനുഗമിച്ചവരോട് കൽപിച്ചു: ‘ നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്. മലമുകളിൽ പണിതുയർത്തിയ പട്ടണത്തെ മറച്ചുവയ്ക്കുക സാധ്യമല്ല.

വിളക്കു കൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കാറില്ല, പീഠത്തിൻ മേലാണു വയ്ക്കുക. അപ്പോൾ അത് ഭവനത്തിലുള്ള എല്ലാവർക്കും പ്രകാശം നൽകുന്നു.

അപ്രകാരം, മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.‘

സ്നാപക യോഹന്നാന്റെ ശുശ്രൂഷയെ പ്രത്യേകമായി അനുസ്മരിക്കുന്ന കാലമാണിത്.

കത്തിജ്വലിക്കുന്ന ഒരു വിളക്കായിരുന്നു അവൻ എന്നു കർത്താവ് അദ്ദേഹത്തിനെപ്പറ്റി സാക്ഷ്യപ്പെടുത്തുന്നു. ആ ദീപപ്രഭയിൽ വെളിവാക്കപ്പെട്ട തിൻമയുടെ ശക്തികളുടെ പക്കൽ നിന്നും രക്തസാക്ഷിത്വം ഏറ്റുവാങ്ങിയാണ് സ്നാപകന്റെ ദൗത്യം പൂർത്തിയാകുന്നത്. വിളക്കാവുന്ന ഏവനും സ്വജീവൻ പോലും അതിൽ എണ്ണയായി പകരേണ്ടി വരുമെന്ന വെല്ലുവിളി ഏറ്റെടുക്കാനുള്ള സന്നദ്ധതയാണ് ശിഷ്യത്വത്തിന് നമ്മൾ നൽകേണ്ട വില.

രാത്രിയിൽ നിന്നും പകൽ വെളിച്ചത്തിലേക്ക് മിശിഹായെ അനുഗമിച്ച് കടന്നുവന്ന നിക്കോദേമൂസിനെയെന്ന പോലെ കർത്താവ് നമ്മെയും കാത്തിരിക്കുന്നു. അവനാൽ പ്രകാശിതരാകാൻ, ലോകത്തിന് ദീപമായി മാറാൻ, അവന്റെ സാക്ഷികളായി മാറാൻ, ഉള്ള കൃപ പരിശുദ്ധ റൂഹാ നമ്മിൽ വർഷിക്കട്ടെ!

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com